ണ്ടായിട്ടുണ്ട്. എന്നുമാത്രമല്ല 86-നുശേഷം നികുതി കൊടുക്കാൻ സംഘടിക്കാതെ അനവധി ഉന്നികൾ റദ്ദാക്കിട്ടുണ്ട്. ആ സ്ഥിതിക്ക് അനുഭവത്തിൽ കുറവില്ലെന്നു ഏതു സംഗതിയെ അടിസ്ഥാനപ്പെടുത്തിയാണു് തീച്ചപ്പെടുത്തിയതെന്നാണ് എന്റെ ചോദ്യം.

റാവു സാഹിബ് മിസ്റ്റർ ടി. വി. കല്യാണരാമയ്യർ.—അമാതിരി ആക്ഷേപം ഇല്ലായ്കയെ അടിസ്ഥാനപ്പെടുത്തിത്തന്നെ.

മിസ്റ്റർ കെ. പി. കറുപ്പൻ.—ഇപ്പോൾ നിലങ്ങൾ വാരി മത്സ്യം പിടിക്കുന്നുണ്ട്. അതു് പണ്ടു് ഉണ്ടായിരുന്നില്ല. ആ സമ്പ്രദായം വളരെ ദോഷത്തെ ചെയ്യുന്നുണ്ട്. പണ്ടുകാലങ്ങളിൽ ഇരുപതു് കണ്ടി ചെമ്മീൻ പരിപ് കയറ്റി അയയ്ക്കാൻ സാധിച്ചിരുന്ന ഉന്നി ഉടമസ്ഥന്മാർ ഈ സമ്പ്രദായം നടപ്പിലാക്കിയതിൽ പിന്നീടു് അഞ്ചുകണ്ടി തികച്ചു അയയ്ക്കാൻ സാധിക്കുന്നില്ല. അതിനുകാരണം ഈ 'വാരൽ' സമ്പ്രദായം തന്നെ. ഇതു് ചെമ്മീനിന്റെ വളർച്ചയെ തടസ്ഥപ്പെടുത്തുന്നതാണു്. ഈ സമ്പ്രദായവും ഏറെത്തിനു മീൻ പിടിക്കുന്ന ഏർപ്പാടും പണ്ടു് ഉണ്ടായിരുന്നില്ല; എന്നല്ല നിഷിദ്ധവും ആയിരുന്നു.

പ്രസിഡണ്ട്.—ഇതു് വലിയ വിവരണം ആണല്ലൊ. എന്നാൽ മത്സ്യബന്ധത്തെപ്പറ്റി ഒരു റെസല്യൂഷൻ കൊണ്ടുവരികയല്ലെ നല്ലതു്?

മിസ്റ്റർ കെ. പി. കറുപ്പൻ.—നല്ലതു, സർ; അതു പിറകെ വരുന്നു. ഈ കാര്യത്തെപ്പറ്റി അവിടെ ശരിയായ ജ്ഞാനം ഉണ്ടായിരിക്കാൻ ഇടയില്ലാത്തതുകൊണ്ടു് സന്ദർഭവശാൽ ഇതുയും പറയാനിടയായതാണു്.

Increased facilities for the trade in fish manure.

258. മിസ്റ്റർ കെ. പി. കറുപ്പൻ — പഞ്ചസാര, ചുക്കു്, കുരുമുളകു് മുതലായ പദാർത്ഥങ്ങളേക്കാൾ കൂടുതൽ വിലകിട്ടുന്നതു ചെമ്മീൻ പരിപ്പിനാണു്. ഇതുയും അധികം വിലയുള്ള ഒരു ഉല്പന്നത്തിന്റെ വ്യവസായത്തെ പരിഷ്കരിക്കുന്നതിൽ ഗവർമ്മെണ്ടു് ഒരു നടവടിയും നടത്താതിരിക്കുന്നതിന്റെ കാരണം സദയം വെളിപ്പെടുത്തുമൊ?

റാവു സാഹിബ് മിസ്റ്റർ ടി. വി. കല്യാണരാമയ്യർ.— പ്രസ്തുത വ്യവസായ പോഷണവിഷയത്തെപ്പറ്റി എക്കണോമിക് ഡെവലപ്പ്മെന്റ് കമ്മിറ്റി ആലോചിക്കുന്നതാണു്.

The number of interpellations in the year 1101.

259. Dr. A. G. Menon.—Will the Government be pleased to place on the table,—

(1) the number of interpellations received by the Legislative Council Secretary in the year 1101;

(2) the dates on which they were received;

(3) the dates on which they were forwarded to the Government;

(4) the number of questions which remain unanswered?

LIBRARY ARCHIVES Kerala Legislative Assembly